(സി) വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുത്തവർക്കെതിരെ നടപടിയെടുക്കാൻ കഴിയാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഹൈക്കോടതി സ്റ്റേമൂലം എത്ര കേസുകളിൽ തീരുമാനം മാറ്റിവയ്ക്കുകയുണ്ടായെന്നും ഈ സ്റ്റേ നീക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗക്കാരുടെ വ്യാജ ജാതിസർട്ടിഫിക്കറ്റ് ഉപയോഗിച്ച് ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നതു തടയുവാൻവേണ്ടി 1996-ലെ കേരള (പട്ടികജാതി-പട്ടികഗോത്രവർഗ്ഗങ്ങൾ) സമുദായ സർട്ടിഫിക്കറ്റ് നൽകുന്നത് ക്രമപ്പെടുത്തൽ ആക്ട് 11 നടപ്പിലാക്കിക്കഴിഞ്ഞിട്ടുണ്ട്. ഇതിന്റെ റൂൾസും 20-4-2002-ലെ സർക്കാർ ഉത്തരവ് നമ്പർ ജി.ഒ. (പി) 18/2002/പജപവവിവ അനുസരിച്ച് ഗസറ്റ് വിജ്ഞാപനംചെയ്തിട്ടുള്ളതാണ്. പ്രസ്തുത ആക്ട്പ്രകാരം ഒരു സ്ക്രീനിംഗ് കമ്മിറ്റിയും ഒരു സ്ക്രൂട്ടിനി കമ്മിറ്റിയും പ്രവർത്തിക്കുന്നുണ്ട്. നരവംശ ശാസ്ത്രപരമായി അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കോഴിക്കോട്ടുള്ള 'കിർട്ടാഡ്സിൽ' ഒരു വിജിലൻസ് സെല്ലും രൂപീകരിച്ചിട്ടുണ്ട്.

(ബി) 309 കേസുകൾ. 25-നു താഴെ പേരെയാണ് സർവീസിൽനിന്നും പിരിച്ചുവിട്ടിട്ടുള്ളത്.

(സി) ബന്ധപ്പെട്ട കക്ഷികൾ ബഹു. ഹൈക്കോടതിയിൽനിന്നും സ്റ്റേ സമ്പാദിക്കുന്നതുമൂലം തുടർനടപടികളെടുക്കാൻ സാധിക്കാതെവരുന്നു.

(ഡി) 400-ഓളം കേസുകളിൽ സ്റ്റേ നിലവിലുണ്ട്. ഈ കേസുകൾ വാദിക്കാൻ വേണ്ടി അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ രണ്ടു സ്പെഷ്യൽ ഗവൺമെന്റ് പ്ലീഡർമാരെ സർക്കാർ നിയമിച്ചിട്ടുണ്ട്. കേസുകളിൽ സ്റ്റേ നീക്കം ചെയ്യുന്നതിന് അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ പ്രവേശനം

2 [2982] *ശ്രീ. എം. കുമാരൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് വിദ്യാഭ്യാസപരമായ എല്ലാ ആനുകൂല്യങ്ങളും നൽകണമെന്ന് ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എഞ്ചിനീയറിംഗ് മെഡിക്കൽ പ്രവേശനത്തിന് ഈ തീരുമാനം ബാധകമാണോ;

(സി) ബാധകമല്ലെങ്കിൽ, പട്ടികജാതി/വർഗ്ഗ വിഭാഗങ്ങൾക്കുള്ള കാറ്റഗറിയിൽ ആവശ്യമായ വിദ്യാർത്ഥികൾ ഇല്ലെങ്കിൽ ഇതേ വിഭാഗത്തിൽപ്പെട്ട മിശ്രവിവാഹിതരുടെ മക്കൾക്ക് പ്രസ്തുത സീറ്റുകളിൽ പ്രവേശനം നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികവിഭാഗത്തിനർഹമായ സംവരണം ഒഴികെയുള്ള വിദ്യാഭ്യാസ സാമ്പത്തിക ആനുകൂല്യം ഈ വിഭാഗത്തിൽപ്പെടുന്ന കുട്ടികൾക്ക് ഉറപ്പാക്കിയിട്ടുണ്ട്.

(ബി) ബാധകമാണ്.

(സി) ഉദിക്കുന്നില്ല.

പിന്നോക്ക-പട്ടിക സമുദായക്ഷേമത്തിനുള്ള തുക ഫലപ്രദമായി വിനിയോഗിക്കാൻ നടപടി

3 [2983] *ശ്രീ. കെ. രാധാകൃഷ്ണൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി-വർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഈ വിഭാഗങ്ങളുടെ ഉന്നമനത്തിനായി ലഭിക്കുന്ന കോടിക്കണക്കിന് രൂപ ഫലപ്രദമായി വിനിയോഗിക്കുവാൻ കഴിയുന്നുണ്ടോയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(സി) സമൂഹത്തിലെ ഏറ്റവും ദുർബലമായ ഈ വിഭാഗത്തിൽപ്പെട്ടവർക്കായി അനുവദിക്കുന്ന തുക പൂർണ്ണമായും അവരുടെ ഉന്നമനത്തിനായി പ്രയോജനപ്പെടുത്തുന്നുവെന്ന് ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം III-ആയും† പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരം അനുബന്ധം III A-ആയും‡ ചേർത്തിട്ടുണ്ട്.

---

†അനുബന്ധം III കാണുക.

‡അനുബന്ധം III A കാണുക.

LIBRARY ARCHIVES Kerala Legislative Assembly